4. ബാങ്കിന്റെ വായ്പ തുക ഉപയോഗിച്ചു വാങ്ങുന്ന വണ്ടികളുടെ ദിവസംതോറുമുള്ള മൊത്തവരുമാനം ബാങ്കിൽ കറൻറ് അക്കൗണ്ടിൽ അടയ്ക്കുകയും അതിൽ നിന്ന് ബാങ്ക് ഒരു വണ്ടിക്ക് ഒരു ദിവസം ആയിരം രൂപ നിരക്കിൽ ഒരാഴ്ചയ്ക്കുള്ള വിഹിതം കഴിച്ച് ബാക്കിതുക തിരികെ കോർപ്പറേഷന്റെ പേരിൽ ഗവൺമെന്റ് ട്രഷറിയിലേയ്ക്ക് കൈമാറാനുമായിരുന്നു ആദ്യവ്യവസ്ഥ. എന്നാൽ പ്രായോഗിക ബുദ്ധിമുട്ടുകൾ പരിഗണിച്ച് ഈ വ്യവസ്ഥമാറ്റി പകരം ബസ്സൊന്നിന് പ്രതിദിനം 1500 രൂപ നിരക്കിൽ 30 ബസ്സിന് 45000 രൂപ സഹകരണ ബാങ്കിൽ നിക്ഷേപിച്ചാൽ മതിയെന്ന വ്യവസ്ഥ ഇപ്പോൾ ഉൾക്കൊള്ളിച്ചിട്ടുണ്ട്.

(സി) കരാർ വ്യവസ്ഥ അനുസരിച്ച് 13% പലിശയാണ് നൽകേണ്ടത്.

(ഡി) കെ.എസ്.ആർ.ടി.സി. യുടെ വികസനത്തിന് 2% പലിശയ്ക്ക് ലോകബാങ്കിൽ നിന്നും വായ്പ എടുക്കാനുതകുന്ന സമഗ്രമായ പദ്ധതിയൊന്നും തയ്യാറാക്കിയതായി കാണുന്നില്ല.

(ഇ) ഉണ്ട്.

(എഫ്) ഹഡ്കോയിൽ നിന്നും ലഭിക്കുന്ന വായ്പ തുകയ്ക്ക് 13½% (ഡിമിനിഷിംഗ്) പലിശയാണ് നൽകേണ്ടത്.

കാസർഗോഡ് കെ.എസ്.ആർ.ടി.സി. ഷോപ്പിംഗ് കോംപ്ലക്സിന്റെ നിർമ്മാണം

82 (2795) ശ്രീ. സി. ടി. അഹമ്മദ് അലി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും ഗതാഗതവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കാസർഗോഡ് കെ.എസ്.ആർ.ടി.സി. ഷോപ്പിംഗ് കോംപ്ലക്സിന്റെ നിർമ്മാണത്തിന്റെ ശിലാസ്ഥാപനം നടത്തിയിട്ട് എത്ര കാലമായി എന്ന് വ്യക്തമാക്കാമോ ;

(ബി) പ്രസ്തുത ഷോപ്പിംഗ് കോംപ്ലക്സിന് എന്തു തുക ചെലവാകുമെന്നാണ് കണക്കാക്കുന്നത് ;

(സി) ഏതു ധനകാര്യ സ്ഥാപനമാണ് പ്രസ്തുത സഹായം നൽകുന്നതെന്ന് വ്യക്തമാക്കാമോ ;

(ഡി) പ്രസ്തുത ഷോപ്പിംഗ് കോംപ്ലക്സിന്റെ പണി എന്ന് ആരംഭിക്കുവാൻ കഴിയുമെന്ന് വെളിപ്പെടുത്തുമോ ?

ഉത്തരം

(എ) മൂന്ന് വർഷവും മൂന്ന് മാസവും പതിനാലു ദിവസവും (ശിലാസ്ഥാപനം 8-12-1996 -ൽ)

(ബി) പദ്ധതിയുടെ എസ്റ്റിമേറ്റ് തുക 5 (അഞ്ച്) കോടി രൂപയാണ്.

LIBRARY ARCHIVES Kerala Legislative Assembly

(സി) എങ്ങനെയാണ് പണം സമാഹരിക്കേണ്ടത് എന്ന് പരിശോധിച്ചു വരികയാണ്.

(ഡി) കാസർഗോഡ് മുനിസിപ്പാലിറ്റിയിൽ നിന്നും ഷോപ്പിംഗ് കോംപ്ലക്സ് നിർമ്മിക്കാനുള്ള അനുമതി ലഭിച്ചു കഴിഞ്ഞാലെത്രയും വേഗം തുക സമാഹരിച്ച് നിർമ്മാണ പ്രവർത്തനം ആരംഭിക്കാൻ കഴിയുമെന്നാണ് പ്രതീക്ഷ.

അന്തർ സംസ്ഥാന റൂട്ടുകൾ

83 (2796) ശ്രീ. ടി. നാണുമാസ്റ്റർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും ഗതാഗതവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കെ.എസ്.ആർ.ടി.സി. ഇപ്പോൾ ആകെ എത്ര അന്തർ സംസ്ഥാന ബസ്സ് സർവ്വീസുകൾ ഓപ്പറേറ്റ് ചെയ്യുന്നു ;

(ബി) ഓരോ സ്റ്റേഷനുകളിൽ നിന്നും എത്ര വീതം എന്ന് വ്യക്തമാക്കാമോ ;

(സി) മറ്റു സംസ്ഥാനങ്ങളിൽ നിന്ന് കേരളത്തിലേയ്ക്ക് എത്ര സർവ്വീസുകൾ നടത്തുന്നു ;

(ഡി) പുതിയ അന്തർ സംസ്ഥാന ബസ് സർവ്വീസുകൾ ഓപ്പറേറ്റ് ചെയ്യുന്നതിന് ഉദ്ദേശമുണ്ടോ ;

(ഇ) ഉണ്ടെങ്കിൽ അവ ഏതെല്ലാം എന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) 115.

(ബി)

പാറശ്ശാല	2	ഈരാറ്റുപേട്ട	2
നെയ്യാറ്റിൻകര	5	മൂന്നാർ	5
തിരുവനന്തപുരം	8	ആലുവ	1
ആറ്റിങ്ങൽ	1	തൃശ്ശൂർ	5
ചടയമംഗലം	1	ഗുരുവായൂർ	2
കൊല്ലം	4	പൊന്നാനി	1
കൊട്ടാരക്കര	7	പാലക്കാട്	9
പുനലൂർ	2	സുൽത്താൻബത്തേരി	5
അടൂർ	1	കണ്ണൂർ	13
പത്തനംതിട്ട	2	കോഴിക്കോട്	6
ചങ്ങനാശ്ശേരി	2	എരുമേലി	1
കോട്ടയം	3	മാനന്തവാടി	2
ആലപ്പുഴ	2	വടകര	1
കായംകുളം	1	മലപ്പുറം	2

LIBRARY ARCHIVES Kerala Legislative Assembly